# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി9/829/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/07/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി9/829/2025 തീയ്യതി: 28/07/2025

# പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 16-06-2025 | 24-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-06-2025 | 24-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ മുഹമ്മദ് സലിം റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ റ്റി വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീജ പി നായർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീല ആർ | സെക്രട്ടറി | 01-04-2024 | 13-09-2024 |
| ശ്രീ അജിത് കുമാർ എ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2024 | 10-11-2024 |
| ശ്രീമതി ശ്രീല ആർ | സെക്രട്ടറി | 11-11-2024 | 20-01-2025 |
| ശ്രീ അജിത് കുമാർ എ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-01-2025 | 05-02-2025 |
| ശ്രീ ഷാജു പി എ | സെക്രട്ടറി | 06-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജിത് കുമാർ എ ജി | അസി. സെക്രട്ടറി | 01-04-2024 | 16-12-2024 |
| ശ്രീമതി അഞ്ജന എസ്. നായർ | അസി. സെക്രട്ടറി | 17-12-2024 | 29-12-2024 |
| ശ്രീമതി അജിതകുമാരി | അസി. സെക്രട്ടറി | 30-12-2024 | 31-03-2025 |
| ഡോ. അശ്വിൻ ഐ ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ. തനൂജ. എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ. അനിൽ റ്റി മാമ്മൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ആതിര ചന്ദ്രനാഥ് | കൃഷി ഓഫീസർ | 01-04-2024 | 05-03-2025 |
| ശ്രീമതി നിമിഷ സാറാ ജയിംസ് | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 06-03-2025 | 31-03-2025 |
| ശ്രീമതി സൂര്യ എസ്. നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി നീതു ഷാരോൺ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 05-04-2024 |
| ശ്രീമതി ബീന ബീഗം ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-04-2024 | 31-03-2025 |
| ശ്രീമതി ഷൈനി വി എം | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീ ജിബു ജോൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ സജൻ ദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 21-08-2024 |

| | | | |
|---|---|---|---|
| ശ്രീ ജിബു ജോൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 22-08-2024 | 31-03-2025 |
| ശ്രീമതി നീതു കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 18-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ-വർക്ക്-ഇൻ-പ്രോഗ്രസ്സ് - നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്തില്ല | 1-1-10 |
| 12 | നിക്ഷേപ പ്രവൃത്തികൾ - മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് തുക തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-12 |
| 14 | ഗുണഭോക്തൃവിഹിതം - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-13 |
| 15 | ആസ്തികൾക്ക് തുല്യമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ബാധ്യതയായി ഉൾപ്പെടുത്തിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-15 |
| 17 | സി.എഫ്.സി ഗ്രാന്റ്- വാർഷിക ധനകാര്യ പത്രികയിലെ തുകയും ബാങ്ക് അക്കൗണ്ടിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ലൈബ്രറി ഗ്രാന്റിനത്തിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-17 |
| 19 | Terminal Leave Encashment ഇനത്തിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-18 |
| 20 | സ്ഥിരനിക്ഷേപം കാണിച്ചിരിക്കുന്ന ബാങ്ക് വിവരങ്ങൾ കൃത്യമല്ല | 1-1-19 |
| 21 | Traditional Functions Fund എന്ന ട്രഷറി അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-1-20 |
| 22 | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റിനത്തിലെ വരവ് ചെലവ് തുകകൾ കൃത്യമല്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമപദ്ധതികൾ | 1-7 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 30 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയിതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 32 | ഫണ്ട് വിനിയോഗത്തിലെ കുറവ് ഷോർട്ട്ഫാളിന് കാരണമാകും | 1-11 |
| 33 | ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 34 | വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-13 |
| 35 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-14 |
| 36 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-15 |
| 37 | വെള്ളക്കരം - ഗ്രാമപഞ്ചായത്തിന് 90.92 ലക്ഷം രൂപയുടെ കുടിശ്ശിക | 1-16 |
| 38 | കരാർ ലംഘനം നടത്തിയ കോൺട്രാക്ടർക്കെതിരെ നടപടി സ്വീകരിക്കണം | 1-17 |
| 39 | കരാറുകാരിൽനിന്ന് ഈടാക്കിയ ടാർ ബാരൽ വിലയും ജി.എസ്.ടി-യും അടവാക്കിയില്ല | 1-18 |
| 40 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനു നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-19 |
| 41 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-20 |
| 42 | 37.92 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-21 |
| 43 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം; കരാറുകാരൻ വാട്ടർ അതോറിറ്റിയിൽനിന്നും വിതരണത്തിനായി ശേഖരിച്ച വെള്ളത്തിന് പഞ്ചായത്ത് ചാർജ്ജ് അടച്ചു | 1-22 |
| 44 | എം.സി.എഫി-ൽ ഫയർ എസ്റ്റിംഗ്യൂഷർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകത | 1-23 |
| 45 | ഘടകസ്ഥാപനങ്ങൾക്ക് വാങ്ങിയ വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്തില്ല | 1-24 |
| 46 | വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല | 1-25 |
| 47 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരിച്ചില്ല | 1-26 |
| 48 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 49 | കാർഷിക മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമല്ല | 1-28 |
| 50 | വാഴക്കൃഷി വികസനം -പദ്ധതിനിർവഹണം സുതാര്യമല്ല | 1-29 |
| 51 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-30 |
| 52 | പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ വീഴ്ച | 1-31 |
| 53 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് പദ്ധതിക്ക് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമായില്ല | 1-32 |
| 54 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല | 1-33 |
| 55 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകി; മരുന്ന് ലഭിച്ചില്ല | 1-34 |
| 56 | ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 1-35 |
| 57 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-36 |
| 58 | ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം | 1-37 |


**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15/05/2025-ലെ 1-ാം കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24/05/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**
**28.07.2025**

## 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ക്യാപ്പിറ്റൽ-വർക്ക്-ഇൻ-പ്രോഗ്രസ്സ് - നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress - ലെഡ്ജർ ബാലൻസായി 2507501 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B-15, B-9 പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 535135 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്ററുകൾ തയ്യാറാക്കി വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-8 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I-18, I-19 എന്നിവ പ്രകാരം Prior Period Expenditure, Prior Period Income എന്നീ ശീർഷകങ്ങളിലെ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന ചെലവ്, വരുമാനം ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

### 1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

ലൈസൻസ് ഫീ, തൊഴിൽ നികുതി, വാടക എന്നിങ്ങനെയുള്ള വരവിനങ്ങളിലെ വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-10 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്തില്ല

ഷെഡ്യൂൾ ബി-7: Deposits Received - കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റെവന്യു ഹെഡിലേക്ക് മാറ്റിയിട്ടില്ല.

### 1-1-11 നിക്ഷേപ പ്രവൃത്തികൾ - മുൻകൂർ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-18 പ്രകാരം കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നീ ഏജൻസികൾക്ക് മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത ഏജൻസികൾ മുഖാന്തിരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ് കൃത്യമാക്കേണ്ടതാണ്.

## 1-1-12 ഇൻവെസ്റ്റ്മെന്റ് തുക തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-12-ൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ കാണിച്ചിരിക്കുന്ന തുകയും (₹1282173) 31-03-2025-ലെ ഇൻവെസ്റ്റ്മെന്റ് ഇനത്തിലുള്ള യഥാർത്ഥ നീക്കിബാക്കിയും (₹1292719) പൊരുത്തപ്പെടുന്നില്ല.

## 1-1-13 ഗുണഭോക്തൃവിഹിതം - അക്കൗണ്ടിംഗ് കൃത്യമല്ല

ഗുണഭോക്തൃവിഹിതം ഇനത്തിൽ ഷെഡ്യൂൾ ബി-4-ൽ ബാധ്യതയായി കാണിച്ചിരിക്കുന്ന 256402 രൂപ മുൻവർഷവും ക്രമീകരിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തുക ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 1-1-14 ആസ്തികൾക്ക് തുല്യമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തുന്നില്ല

തൻവർഷം ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചുവെങ്കിലും ചെലവ് തുകകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല (ഉദ: ഫർണ്ണീച്ചർ- 598167 രൂപ).

## 1-1-15 ബാധ്യതയായി ഉൾപ്പെടുത്തിയ തുകകൾ ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി-9 പ്രകാരം മറ്റ് ബാധ്യതാ (Other Liabilities) ഇനത്തിൽ വർഷങ്ങളായി ചുവടെ പറയുന്ന തുകകൾ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

| Account Head | Item | Amount |
|---|---|---|
| 350300104 | Goverment And Other Dues Payable-Service Tax | 99460 |
| 350300101 | Goverment And Other Dues Payable-LIBRARY CESS | 159894 |

മുകളിൽ പറഞ്ഞ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കുകയോ അല്ലാത്തപക്ഷം അക്കൗണ്ടിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-1-16 സി.എഫ്.സി ഗ്രാന്റ്- വാർഷിക ധനകാര്യ പത്രികയിലെ തുകയും ബാങ്ക് അക്കൗണ്ടിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റിനത്തിൽ ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിബാക്കി 13783139 രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിബാക്കി 13632674 രൂപയാണ്. 150465 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. മുൻവർഷം (2023-24 സാമ്പത്തിക വർഷം) 172109 രൂപ സി.എഫ്.സി ബാങ്ക് അക്കൗണ്ടിൽ നിന്നും തെറ്റായി ചെലവഴിച്ചിരുന്നു.

## 1-1-17 ലൈബ്രറി ഗ്രാന്റിനത്തിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

ഷെഡ്യൂൾ ബി-4 പ്രകാരം ലൈബ്രറി ഗ്രാന്റിനത്തിൽ 10440 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷം ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുക തെറ്റാണ്.

## 1-1-18 Terminal Leave Encashment ഇനത്തിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ഇനത്തിലുള്ള 40520 രൂപയുടെ ചെലവ് Terminal Leave Encashment ഇനത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-1-19 സ്ഥിരനിക്ഷേപം കാണിച്ചിരിക്കുന്ന ബാങ്ക് വിവരങ്ങൾ കൃത്യമല്ല

ഷെഡ്യൂൾ RP-40(a) പ്രകാരം സ്ഥിരനിക്ഷേപം ഉള്ളതായി കാണിച്ചിരിക്കുന്ന ബാങ്കിന്റെ പേര് ഡിസ്ട്രിക് കോ - ഓപ്പറേറ്റീവ് ബാങ്ക് എന്നാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപമുള്ളത് മലയാലപ്പുഴ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്കിൽ ആണ്. ബാങ്ക് വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്.

## 1-1-20 Traditional Functions Fund എന്ന ട്രഷറി അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല

ഷെഡ്യൂൾ RP-40(b) പ്രകാരം Traditional Functions Fund എന്ന ട്രഷറി അക്കൗണ്ടിൽ 92764 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ട്രഷറിയുമായി ബന്ധപ്പെട്ട് പ്രസ്തുത അക്കൗണ്ടിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-1-21 ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റിനത്തിലെ വരവ് ചെലവ് തുകകൾ കൃത്യമല്ല

ധനകാര്യ കമ്മീഷൻ - ടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 100001 രൂപ ട്രഷറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു [ജി.ഒ (ആർ.ടി)നം.2075/2025/ധന., തീയതി 04-03-2025 പ്രകാരം 50000 രൂപയും ജി.ഒ.(ആർ.ടി.)നം.4807/2024/ധന., തീയതി 18-06-2024 പ്രകാരം 50001 രൂപയും ഉൾപ്പെടെ 100001 രൂപ]. എന്നാൽ പ്രസ്തുത ഇനത്തിലുള്ള വരവ് തുകയായ 100001 രൂപ വരവിനത്തിലോ ഈയിനത്തിൽ ചെലവഴിച്ച 87796 രൂപ ചെലവിനത്തിലോ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റിനത്തിലും ഷെഡ്യൂൾ ബി-4 പ്രകാരമുള്ളതുമായ നീക്കിബാക്കി തുകകൾ തമ്മിൽ 12205 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 15.01.2024 |
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 08.02.2024 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 28.02.2025 |

2022-23-ലെ യഥാർത്ഥ കണക്കുകളും 2023-24-ലെ പുതുക്കിയ ബജറ്റ് കണക്കുകളും ബജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഖണ്ഡിക 1-3-ൽ ഉൾപ്പെടുത്തിയിട്ടുള്ള തൻവർഷ വാർഷിക കണക്കിലെ യഥാർത്ഥ തുകകളുമായി ബജറ്റ് തുകകൾക്ക് വലിയ അന്തരമുണ്ട്. പെരുപ്പിച്ച ബജറ്റ് കണക്കുകൾ സ്ഥാപനത്തിലെ ശരിയായ രീതിയിലുള്ള ധനമാനേജ്മെന്റിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് കണക്കുകൾ തയ്യാറാക്കുന്നതിനും നിയമ നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് പാസാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് തുകകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് |
|---|---:|
| മുന്നിരിപ്പ് | 49,58,023 |
| വരവ് | 22,71,74,800 |
| ആകെ | 23,21,32,823 |
| ചെലവ് | 22,89,09,500 |
| നീക്കിയിരിപ്പ് | 32,23,323 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 31438183 | |
| ഓഡിറ്റ് വർഷത്തെ വരവ് | 46395036 | 135838521 |
| ആകെ വരവ് | 77833219 | |
| ഓഡിറ്റ് വർഷത്തെ ചെലവ് | 44371179 | 125559827 |
| നീക്കിയിരിപ്പ് | 33462040 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | ഇല്ല | 19475000 | 19475000 | 14926395 | - | 653605 |
| വികസന ഫണ്ട് (എസ്.സി.പി.) | ,, | 6307000 | 6307000 | 4857543 | - | 188057 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 7436972 | 7119001 | 14555973 | 2823153 | 11732820 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1645783 | 3613327 | 5259110 | 3196586 | 2062524 | - |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ഇല്ല | 7556000 | 7556000 | 7126442 | - | - |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ,, | 9331000 | 9331000 | 7815563 | - | - |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ശുചിത്വ മിഷൻ | 732116 | 0 | 732116 | 266807 | 465309 | |
| ലൈഫ് – സംസ്ഥാനം വിഹിതം | 1900000 | 3000000 | 4900000 | 2725291 | 2174709 | |
| ആയുഷ് | 500000 | 0 | 500000 | 427770 | 72230 | |
| ഐ.സി.ഡി.എസ്. | 1184822 | 1718752 | 2903574 | 778849 | 2124725 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 6067 | 22228291 | 22234358 | 22234358 | 0 | |
| ഹെൽത്ത് ഗ്രാന്റ് – ഇൻഫ്രാസ്ട്രെക്ച്ചർ | 755655 | 334730 | 1090385 | 19048 | 1071337 | |
| ഹെൽത്ത് ഗ്രാന്റ് - സബ് സെന്റർ | 5611000 | 182897 | 5793897 | 2507501 | 3286396 | |
| ഹെൽത്ത് ഗ്രാന്റ് - വെൽനസ്സ് സെന്റർ | 204245 | 519062 | 723307 | 19380 | 703927 | |
| വിമുക്തി | 19485 | 0 | 19485 | 0 | 19485 | |
| ബഡ്സ് സ്ക്കൂൾ | 1114895 | 0 | 1114895 | 980900 | 133995 | |

1) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 987200 വീതം 10 ഗഡുക്കളായി 9872000 രൂപയും രണ്ട് ഗഡുക്കളായി 1970174 രൂപയും ഉൾപ്പെടെ 11842174 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി – വായ്പാ തിരിച്ചടവ് എന്നീ ഇനങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 574265 |
| ,, | അങ്കണവാടി അധിക വേതനം | 1095000 |
| വികസന ഫണ്ട് (എസ്.സി.പി.) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 126839 |

## 1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 291 | 174163832 | 228 | 59622552 | 63 | 78.35 |

നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 21 | 16 | 3976626 | 1555076 | 39.1 |
| വെറ്ററിനറി സർജൻ | 7 | 7 | 1622109 | 1306405 | 71.82 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15 | 12 | 4228465 | 2266997 | 53.6 |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 2 | 1 | 1030000 | 1000000 | 97.0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 10 | 91212581 | 12950873 | 14.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 11 | 8332053 | 837464 | 10.05 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 12 | 5615386 | 3347999 | 59.62 |
| ഹെഡ്മിസ്ട്രസ് | 9 | 8 | 1737593 | 1535735 | 88.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1050000 | 535139 | 50.96 |
| സെക്രട്ടറി | 42 | 28 | 6777048 | 5151188 | 76.0 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 4844886 | 3762352 | 77.65 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 110 | 41940981 | 25373324 | 60.06 |

| | | | | | |
|---|---|---|---|---|---|
| ആകെ | 291 | 228 | 174163832 | 59622552 | 34.23 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6067 | 1225191 | 1231258 | 1231258 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 21003100 | 21003100 | 21003100 | 0 |
| ആകെ | 6067 | 22228291 | 22234358 | 22234358 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4946400 | 306 |
| മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3411000 | 220 |
| വിധവാ പെൻഷൻ | 10920400 | 718 |
| വാർദ്ധക്യകാല പെൻഷൻ | 24260900 | 1687 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 444800 | 28 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2025, 2:30 P.M-ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 5931 (അയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊന്ന്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തിയതിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) മൊബൈൽ ടവറുകളുടേത് ഉൾപ്പെടെ വലിയ സംഖ്യ വസ്തുനികുതി കുടിശ്ശികവരുത്തിയ കെട്ടിട ഉടമകളിൽനിന്നും നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

2) സമയബന്ധിതമായി മിനിട്ട്സ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

4) തൻവർഷം ആകെ പദ്ധതി അടങ്കലിന്റെ 34.59% മാത്രമാണ് പദ്ധതിച്ചെലവ്. പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നതിനും ഗ്രാന്റുകൾ ലാപ്സാകാതെയും ഷോർട്ട്ഫാൾ വരാതെയും വിനിയോഗിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക്

സ്വന്തമായി കെട്ടിടങ്ങൾ പണിയുന്നതിനു പദ്ധതി ആവിഷിക്കരിക്കേണ്ടതാണ്.

6) പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പദ്ധതികൾ മോണിറ്റർ ചെയ്യേണ്ടതാണ്.

7) പൊതുടാപ്പുകളുടെ വെള്ളക്കരം ഭീമമായ സംഖ്യ കുടിശ്ശികയുണ്ട്. ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത ശേഷവും അവയ്ക് കരം ഡിമാന്റ് ചെയ്തതായി കാണുന്നു. ഇല്ലാത്ത ടാപ്പുകൾക്ക് കരം ഡിമാന്റ് ചെയ്യുന്നത് പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയിതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2011-12 | 24.09.2013 |
| പെർഫോമൻസ് ഓഡിറ്റ് | 06.04.2022 | 04/2021 മുതൽ 12/2021 വരെ | 20.04.2022 |

## 1-11 ഫണ്ട് വിനിയോഗത്തിലെ കുറവ് ഷോർട്ട്ഫാളിന് കാരണമാകും

15-07-2021-ലെ സ.ഉ.(കൈ)നം.79/2021/ധന നമ്പർ ഉത്തരവ് പ്രകാരം വികസന ഫണ്ടിലെ പൊതു വിഭാഗം സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഒരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ഷോർട്ട് ഫാൾ തുക തുടർന്നുള്ള വർഷങ്ങളിലെ പൊതു വിഭാഗം വികസന ഫണ്ടിൽനിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2024-25 സാമ്പത്തിക വർഷം വികസന ഫണ്ട് (ജനറൽ), എസ്.സി.പി വിഭാഗങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. തൻവർഷം 80 ശതമാനത്തിൽ അധികം തുക ചെലവഴിക്കാതെ ഷോർട്ട്ഫാളായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (2024-25 വർഷത്തേക്ക്) | ഷോർട്ട് ഫോൾ (തിരികെ കിട്ടാത്ത തുക) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19475000 | 14926395 | 76.64 | 3895000 | 653605 |
| വികസന ഫണ്ട് (എസ്.സി.പി.) | 6307000 | 4857543 | 77.02 | 1261400 | 188057 |

അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ യഥാസമയം നിർവ്വഹണം നടത്താത്തത് മൂലംഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതിചെലവിലുണ്ടാകുന്ന കുറവ് തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രീയമാത്മകമായ ഇടപെടലും ഉണ്ടാകേണ്ടതാണ്.

## 1-12 ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും

## സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

**(1) റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല :** കോന്നി താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം, ഈ ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ, ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.06.2025) റേഷൻ റീട്ടെയിൽ ഷോപ്പുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019-ലെ (സി.എസ്)എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ, റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(2) രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു :** ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന MS & AYUSH Academy എന്ന ട്യൂട്ടോറിയൽ സ്ഥാപനം 2024-25 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.06.2025) മറുപടിയായി ഈ സ്ഥാപനത്തെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനും തൊഴിൽ നികുതി അടപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(3) ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/18.06.2025) ഈ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഇതിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(4) അഗപ്പെ മെന്റൽ ഹെൽത്ത് എന്ന സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. ഈ സ്ഥാപനത്തിൽനിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(5) ലൈസൻസ് രജിസ്റ്റർ പ്രകാരം, 215 പേർക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇതിൽത്തന്നെ ഇരട്ടിപ്പും ഉണ്ട്. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ വാണിജ്യാവശ്യത്തിനുള്ള 1258 കെട്ടിടങ്ങൾ ഉണ്ട്. ഇവയെല്ലാം ലൈസൻസ് എടുത്തതിന്റെ രേഖകളില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 100 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 864 |
| 2 | 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 39 |
| 3 | 200 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 66 |
| 5 | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 8 |

| | | |
|---|---|---|
| 6 | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 103 |
| 7 | ഓഫീസ് ആവശ്യം | 100 |
| 8 | വ്യവസായ ആവശ്യം | 53 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/18.06.2025) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ ഒട്ടനവധി പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പിരിച്ചെടുക്കാൻ അവിശേഷിക്കുന്നതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി സഹിതം, ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.34/20.06.2025)

| ക്രമ നം | വാർഡ് നം/ കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക കാലയളവ് | അടവാക്കാനുള്ള തുക | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | 12/524 | കെ. എസ്. പുരുഷോത്തമൻ, വട്ടപ്പറമ്പിൽ | 2024-25 Second Half | 1081 | ടി കെട്ടിടം ഒഴിഞ്ഞ് കിടക്കുന്നതിനാൽ വേക്കൻസി റെമിഷന് നൽകിയിട്ടുണ്ട്. |
| 2 | 7/501 | രാജു ഫിലിപ്പ്, പുളിമുക്കത്ത് ഹൗസ് | 2024-25 Second Half | 1168 | തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. ടി കെട്ടിടം ഒഴിഞ്ഞ് കിടക്കുന്നതിനാൽ വേക്കൻസി റെമിഷന് നൽകിയിട്ടുണ്ട്. |
| 3 | 11/843 | ശ്രീജിത്ത് മേനോൻ & അനുജ. എസ്, പണിക്കത്തറയിൽ | 2019-20 മുതൽ 2024-25 വരെ | 161326 | കുടിശ്ശിക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | 3/660 | സുനിൽ കുമാർ. കെ, സുനിൽ ഭവനം | 2022-23 മുതൽ 2024-25 വരെ | 2819 | കുടിശ്ശിക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | 11/870 | ദേവസ്വം ഓഫീസ്, മലയാലപ്പുഴ | 2022-23 മുതൽ 2024-25 | 17044 | |

| | | | | |
|---|---|---|---|---|
| | | | വരെ | |
| 6 | 12/522 | വൽസല. ആർ. നായർ, കുഴിക്കാട്ടു ഹൗസ് | 2023-24 & 2024-25 | 16967 |
| 7 | 12/344 | SNDP ബിൽഡിംഗ് ആഡിറ്റോറിയം | 2019-2020 മുതൽ 2024-25 വരെ | 9924 |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ വസ്തു നികുതി ഒടുക്കുവാനുള്ളതായി കണ്ടു.

| ക്രമ നം | വാർഡ് നം./ കെട്ടിട നമ്പർ | മൊബൈൽ ടവർ | കുടിശ്ശിക കാലയളവ് | അടവാക്കാനുള്ള തുക |
|---|---|---|---|---|
| 1 | 1/308 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2023-24, 2024-25 | 18756 |
| 2 | 9/341 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2023-24, 2024-25 | 33246 |
| 3 | 13/552 | GTL ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2013-14 മുതൽ 2024-25 വരെ | 297247 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/20.06.2025), ഇൻഡസ് ടവേഴ്സും വോഡാഫോൺ എസ്സാർ സെല്ലുലാറും 2023-24 വർഷം തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്നും 2024-25-ലെ നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും, GTL ഇൻഫ്രാസ്ട്രക്ച്ചറിന്റെ 2013-14 മുതൽ 2024-25 വരെയുള്ള വസ്തു നികുതി കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈബ്രറി സെസ്സ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് 20-09-2015-ലെ 10088/എൽ-3/05/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 159894 രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക നിലവിലും അടവാക്കിയിട്ടില്ലായെന്നും അടിയന്തിരമായി തുക അടവാക്കുമെന്നും ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-8/17-06-2025) മറുപടിയായി ബന്ധപ്പെട്ടവർ അറിയിച്ചു. ലൈബ്രറി സെസ്സ് ഇനത്തിലുള്ള ബാധ്യതാ തുക അടിയന്തിരമായി സ്റ്റേറ്റ് ലൈബ്രറി കൗൺസലിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 വെള്ളക്കരം - ഗ്രാമപഞ്ചായത്തിന് 90.92 ലക്ഷം രൂപയുടെ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശിക 9091899 രൂപയാണ്. സ്ടീറ്റ് ടാപ്പുകളൊന്നും തന്നെ നിലവിലില്ലാത്ത സാഹചര്യത്തിലും വാട്ടർ അതോറിറ്റിയിൽ നിന്നും ഓരോ മാസവും തുക ഡിമാന്റ് ചെയ്ത് ബിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്.

2025 ജൂൺ മാസത്തെ വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കര കുടിശ്ശിക 9091899 രൂപയാണ്. ഇതിൽ 8871756 രൂപ 31-05-2025 വരെയുള്ള കുടിശ്ശിക തുകയും 174039 രൂപ ഫൈൻ തുകയും 46104 രൂപ തൻമാസത്തെ ഡിമാന്റ് തുകയുമാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും അവസാനമായി വെള്ളക്കരം അടവാക്കിയത് 2024 സെപ്റ്റംബർ മാസത്തിലാണ്. സെപ്റ്റംബർ മാസം ലഭിച്ച ബിൽ പ്രകാരം 7342779 രൂപ അടവാക്കാനുള്ളതിൽ തൻമാസത്തെ തുകയായ 46104 രൂപ അടവാക്കുകയും 7296675 രൂപ കുടിശ്ശികയായി അവശേഷിക്കുകയും ചെയ്തു. തുടർന്ന് വെള്ളക്കരമിനത്തിൽ തുക അടവാക്കിയിട്ടില്ല. ബിൽ പ്രകാരം 38 ടാപ്പുകളാണ് നിലവിലുള്ളത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01-10-2024-ലെ 16-ാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള 38 സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുന്നതിനും ആയതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും തീരുമാനിച്ചു. തുടർന്ന് സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുന്നതിനായി ചെക്ക് നം.154928/ 18-10-2024 പ്രകാരം 57538 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തു. തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കിയതായി ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.06.25) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വാട്ടർ ചാർജ്ജ് കുടിശ്ശിക കുറവ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നവകേരള സദസ്സിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം 2024 നവംബർ മാസത്തെ ബിൽ തുകയായ 7491003 രൂപയിൽ നിന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടാൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 1666961 രൂപ മാത്രം അടച്ച് ബാക്കി 5824012 രൂപ കുടിശ്ശിക ഒഴിവാക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ ഭരണ സമിതിയുടെ 07-11-2024-ലെ 2-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി കാരണം 1666961 രൂപ ഒറ്റത്തവണ കുടിശ്ശികയായി അടവാക്കാൻ സാധിക്കുകയില്ലെന്നും നിലവിലെ കുടിശ്ശികത്തുക മുഴുവൻ ഒഴിവാക്കികിട്ടുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 22-11-2024-ലെ എസ്.സി-4115/24 നമ്പർ കത്ത് പ്രകാരം പ്രസ്തുത തീരുമാനം വാട്ടർ അതോറിറ്റി ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർക്ക് നൽക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ഈ കത്തിന്മേൽ യാതൊരു തുടർനടപടികളും ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന് പഴയപടി ഓരോ മാസത്തെയും ഡിമാന്റ്, മുൻ കുടിശ്ശിക, ഫൈൻ എന്നിവ ഉൾപ്പെടുത്തി വലിയ തുകക്കുള്ള ബിൽ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മുഴുവൻ ടാപ്പുകളും ഒഴിവാക്കി ലഭിച്ച സാഹചര്യത്തിൽ മാസം തോറും തുക ഡിമാന്റ് ചെയ്യുന്നതിലെ വൈരുദ്ധ്യം വാട്ടർ അതോറിറ്റിയെ ബോധ്യപ്പെടുത്തി വെള്ളക്കരമിനത്തിലെ വലിയ തുക കുടിശ്ശിക ഒഴിവാക്കി കിട്ടുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 കരാർ ലംഘനം നടത്തിയ കോൺട്രാക്ടർക്കെതിരെ നടപടി സ്വീകരിക്കണം

2019-2020 സാമ്പത്തിക വർഷം എം.ജി.എൻ.ആർ.ഇ.ജി.എസും, സാമൂഹ്യക്ഷേമ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ അഞ്ചാം നമ്പർ അംഗൻവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കരാർ വെച്ച ശ്രീ. വിജു വി.ആർ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. ആയതിനാൽ ടിയാനെ ഒഴിവാക്കി പുതിയ ടെൻഡർ ക്ഷണിക്കുന്നതിന് 22/04/2024, 17/01/2025 എന്നീ തീയതികളിലെ പഞ്ചായത്ത് ഭരണസമിതി മീറ്റിംഗുകളിൽ തീരുമാനിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് (പ്രോജക്റ്റ് നമ്പർ 1612003003/AV/263795) വേതന ഇനത്തിൽ ചെലവായ 6693 രൂപ സംസ്ഥാന മിഷൻ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കിയ ശേഷം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതിയ പ്രവർത്തിയായി അംഗൻവാടി നിർമ്മാണം ആരംഭിക്കാവുന്നതാണെന്നുള്ള മിഷൻഡയറക്ടറുടെ നിർദ്ദേശവും 22/04/2024-ലെ കമ്മറ്റി

ഐക്യകണ്ഠേന അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിനുണ്ടായ നഷ്ടം ടി വിതരണക്കാരിൽ നിന്നും നിയമാനുസൃത രീതിയിൽ ഈടാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/19.6.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിലുറപ്പ് വിഭാഗം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വേതന ഇനത്തിൽ ചെലവായ പണം സംസ്ഥാന മിഷൻ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കിയ ശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ. ഈ പ്രോജക്റ്റിന്റെ ഫയൽ, കരാർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും രണ്ട് ടെണ്ടറുകൾക്ക് ശേഷം ക്വട്ടേഷനിലൂടെ ആണ് വെണ്ടറെ കണ്ടെത്തിയത് എന്നും ശ്രീ വിജു വി.ആർ 18.2.2012-നു കരാർ ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും ആയത് കരാർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും കരാറുകാരനിൽ നിന്ന് നിരതദ്രവ്യമോ, പെർഫോർമൻസ് ഗ്യാരന്റിയോ ഈടാക്കിയിട്ടില്ലെന്നുമാണ് മനസ്സിലാക്കാനായത്. അംഗൻവാടി നിർമ്മിക്കാനാവശ്യമായ തുടർനടപടികൾ പൂർത്തീകരിക്കേണ്ടതും, സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കി ടി വിതരണക്കാരിൽ നിന്നോ നടപടിക്രമങ്ങൾ പാലിക്കാതെ കരാർ ഒപ്പ് വെച്ച സെക്രട്ടറിയിൽനിന്നോ ഈടാക്കേണ്ടതുമാണ്.

## 1-18 കരാറുകാരിൽനിന്ന് ഈടാക്കിയ ടാർ ബാരൽ വിലയും ജി.എസ്.ടി-യും അടവാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ടാറിംഗ്, റീ ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്ന് ടാർ ബാരൽ വിലയും 18% ജി.എസ്.ടി-യും കുറവ് ചെയ്ത് ബാക്കി തുക മാത്രമാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. ഇപ്രകാരം കുറവ് ചെയ്യുന്ന ബാരൽ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് ആ ഫണ്ടിലേക്കും ജി.എസ്.ടി. ആയതിന്റെ ശീർഷകത്തിലും അടവാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക മുഴുവൻ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ട് | ബാരൽ വില | ജി.എസ്.ടി. | ചെലവ് വിവരം | തുക |
|---|---|---|---|---|---|---|---|
| 1 | കാവിൽപടി നീലത്തിൽപടി റോഡ് റീടാറിംഗ് | 203600 | (MG Road) | 2142 | 387 | 24050252016401699395 /25.3.25 | 103603 |
| 2 | പുതുപറമ്പിൽപടി അമ്പലത്തുമൂട്ടിൽപടി റോഡ് റീടാറിംഗ് | 403500 | -Do- | 3808 | 686 | 24050252016401699370 /25.3.25 | 303603 |
| 3 | ശങ്കരത്തിൽപടി കിഴക്കുംപുറം റോഡ് മെയിന്റനൻസ് | 353603 | -Do- | 2618 | 472 | 24050252016401699433 /25.3.25 | 253603 |
| 4 | മാർത്തോമപള്ളിപ്പടി ചീങ്കലത്തടെ അംഗനവാടി റോഡ് റീടാറിംഗ് | 330000 | -Do- | 3332 | 600 | 24050252016401699370 /25.3.25 | 329655 |
| 5 | കാഞ്ഞിരപ്പാറ കുതിരാംകുളം റോഡ് മെയിന്റനൻസ് | 839860 | -Do- | 5712 | 1028 | 24050252016400434989 /25.7.24 | 839860 |
| 6 | അമ്പലം മാളിയെക്കൽകുന്ന് റോഡ് റീടാറിംഗ് | 500000 | -Do- | 3570 | 643 | 24050252016400434990 /25.7.24 | 370753 |
| 7 | മുക്കുഴി പൊതീപാട് റോഡ് മെയിന്റനൻസ് | 730000 | -Do- | 2380 | 428 | 24050252016400434993 /20.7.24 | 224067 |
| 8 | പതിശ്ശേരിപടി മേരിഗിരി റോഡ് | 300000 | -Do- | 1666 | 300 | 24050252016400694159 /23.9.24 | 290538 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നവീകരണം | | | | | | |
| | ആകെ | | | 25228 | 4544 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/19.6.2025) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ആയത് കണക്കാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കാൻ സെക്രട്ടറിക്ക് 20.6.2025-നു കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. തുക അടവാക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനു നടപടിക്രമങ്ങൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്തവയുടെ കാര്യത്തിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് നടപടിക്രമങ്ങൾ പാലിച്ചില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 14/18.6.2025 20/18.6.2025, 31/20.6.2025, 32/20.6.2025) ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനുള്ള കാരണങ്ങളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ പ്രോജക്ട് ഫയലുകളിൽ ലഭ്യമല്ല. നടപടി ക്രമങ്ങൾ പാലിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, ഫണ്ടിനം | കരാറുകാരൻ, കരാർ നമ്പർ, കരാർ തുക | പ്രവൃത്തി സമയം, സൈറ്റ് കൈമാറ്റം, പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി | സമയം ദീർഘിപ്പിച്ച് നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 1 | ആയുർവ്വേദ ഡിസ്പെൻസറി യോഗ ഹാൾ നിർമ്മാണം (230/2024-25) 500000 രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട്. | ശ്രീ രാജേഷ് എ. ഭാസ്കർ, കരാർ നം. 36/23-24 തീ. 13.11.2023 362540 രൂ. | 6 മാസം കാലാവധിയുള്ള ഈ പ്രോജക്ട് സൈറ്റ് 21.11.2023-നു കൈമാറി. പ്രവൃത്തി 15.2.2025-നു പൂർത്തീകരിച്ചു. | പൂർത്തീകരണസമയം 20.11.2024 വരെ ദീർഘിപ്പിച്ച് കൊണ്ട് 17.5 2024-നും 20.5.2025 വരെ ദീർഘിപ്പിച്ച് കൊണ്ട് 20.11.2024-നും സപ്ലിമെന്ററി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |
| 2 | പി.എച്ച് സെന്റർ മെയിന്റനൻസ് (190/2024-25), 500000 (MG -Non Road) | ശ്രീ രാജേഷ് എ. ഭാസ്കർ, കരാർ നം. 35/23-24 തീ. 13.11.2023 362520 രൂ. | 5 മാസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി സൈറ്റ് 21.11.2023-നു കൈമാറി. പ്രവൃത്തി 23.3.2025-നു പൂർത്തീകരിച്ചു. | പൂർത്തീകരണസമയം 20.9.2024 വരെ ദീർഘിപ്പിച്ചു കൊണ്ട് 19.4. 2024-നും 20.2.2025 വരെ ദീർഘിപ്പിച്ച് കൊണ്ട് 20.09.2024-നും സപ്ലിമെന്ററി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |
| 3 | എ.ഇ ഓഫീസ് കാബിൻ തിരിക്കൽ (236/2024-25), 500000 (MG -Non Road) | ശ്രീ.പ്രദ്യുസൂധനൻ പിള്ള, കരാർ നം. 56/23-24 തീ. 14.2.2024, 372218 രൂ. | 4 മാസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി സൈറ്റ് 17.02.2024 നു കൈമാറി. പ്രവൃത്തി 20.1.2025-നു പൂർത്തീകരിച്ചു. | പൂർത്തീകരണസമയം 16.10.2024 വരെ ദീർഘിപ്പിച്ച്കൊണ്ട് 17.6. 2024-നും 16.2.2025 വരേ ദീർഘിപ്പിച്ച്കൊണ്ട് 15.10.2024-നും സപ്ലിമെന്ററി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | പൊതീപ്പാട് ഹരിജൻകോളനി റോഡ് ഉയർത്തൽ, (169/2024-25), 339281 (വികസനഫണ്ട് SCP) | ശ്രീ ഹരിലാൽ എസ്, കരാർ നം. 51/22-23 തീ. 1.3.2023, 287035 രൂ. | 3 മാസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി സൈറ്റ് 9.3.2023-നു കൈമാറി. പ്രവൃത്തി 21.3.2024-നു പൂർത്തീകരിച്ചു. | പൂർത്തീകരണസമയം 8.9.2023 വരെ ദീർഘിപ്പിച്ച്കൊണ്ട് 5.6.2023-നും 8.12.2023 വരെ ദീർഘിപ്പിച്ച്കൊണ്ട് 4.9.2023-നും 9.3.2024 വരെ ദീർഘിപ്പിച്ച്കൊണ്ട് 7.12.2023-നും 9.6.2024 വരെ ദീർഘിപ്പിച്ച്കൊണ്ട് 7.3.2024-നും സപ്ലിമെന്ററി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |

കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളിൽ PWD മാന്വൽ 2112.1, 2116.1 എന്നിവ പ്രകാരമുള്ള താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. കോൺട്രാക്ടറുടെ ഭാഗത്തിനിന്നുള്ള കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ഫൈൻ ഈടാക്കേണ്ടതാണ്. എന്നാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളിൽ കാരണം രേഖപ്പെടുത്തിയിട്ടില്ല.

2. പരമാവധി രണ്ട് തവണ മാത്രമേ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകാവു. പൊതീപ്പാട് ഹരിജൻകോളനി റോഡ് ഉയർത്തൽ എന്ന പ്രോജക്റ്റിൽ 4 തവണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

3. ഓരോ തവണയും ആകെ കരാർ കാലാവധിയുടെ 25% സമയം മാത്രമേ പരമാവധി നൽകാവു. ആകെ 50 ശതമാനത്തിലധികം കാലാവധി ദീർഘിപ്പിച്ച് നൽകരുത്. ഈ പ്രവൃത്തികളിൽ ഇത് പാലിച്ചിട്ടില്ല.

4. ദീർഘിപ്പിച്ച് നൽകിയ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സംഗതിയിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ 2006-07 മുതൽ 2021-22 വരെ വർഷത്തെ കാലഹരണപ്പെട്ട നിക്ഷേപ തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2006-07 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ ലഭിച്ച നിക്ഷേപങ്ങളിലായി ഇപ്രകാരം 257471 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാതെ ചെയ്യാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2006-07 | 1 | 10000 |
| 2007-08 | 1 | 13300 |
| 2009-10 | 3 | 10110 |
| 2013-14 | 1 | 15000 |
| 2014-15 | 2 | 20000 |
| 2015-16 | 5 | 52060 |
| 2017-18 | 2 | 15000 |
| 2018-19 | 1 | 18000 |

| | | |
|---|---|---|
| 2019-20 | 1 | 1000 |
| 2020-21 | 29 | 70651 |
| 2021-22 | 7 | 32350 |
| **ആകെ** | **53** | **257471** |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. വിവിധ ഡെപ്പോസിറ്റുകളുടെ 2024-25 സാമ്പത്തിക വർഷത്തെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ 2024-25 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. മൂന്ന് വർഷ കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ ഭരണസമിതി തീരുമാനമെടുത്ത് പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 37.92 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-18 പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 37.92 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Amount |
|---|---|
| Advance To Implementing Agencies - Deposit With KWA | 523389 |
| Advance To Implementing Agencies - Deposit With KEB | 3268306 |
| Total | 3791695 |

നിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25/19-06-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ച ഓഫീസുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 112400 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (2025-26 സാമ്പത്തിക വർഷം ലഭിച്ചത്) ഓഡിറ്റിൽ ഹാജരാക്കിയിരുന്നു. പ്രസ്തുത തുകയുടെ ബാധ്യത ഷെഡ്യൂൾ B-18-ൽ നിന്നും ആസ്തി ഹെഡ്ഡിലേക്ക് മാറ്റി ആയത് ക്രമപ്പെടുത്തേണ്ടതാണ്. നിക്ഷേപങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 09-03-2023-ലെ സ.ഉ.(കൈ.)നം.38/2023/ധന. നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ്.

മേൽപ്പറഞ്ഞ പട്ടിക പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സമഗ്രമായ ഒരു ഇടപെടൽ ഉണ്ടാകേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി വാർഷിക ധനകാര്യ പത്രികയിലെ അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതും വിനിയോഗത്തിന് ശേഷം അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ

ഒടുക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം; കരാറുകാരൻ വാട്ടർ അതോറിറ്റിയിൽനിന്നും വിതരണത്തിനായി ശേഖരിച്ച വെള്ളത്തിന് പഞ്ചായത്ത് ചാർജ്ജ് അടച്ചു

വേനൽക്കാല കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ വെന്റിംഗ് പോയിന്റിൽ നിന്നും കരാറുകാൻ കുടിവെള്ളം ശേഖരിച്ച് വിതരണം നടത്തിയതിന് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് വാട്ടർ ചാർജ്ജ് നൽകി.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 17-03-2024 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ വെന്റിംഗ് പോയിന്റിൽ നിന്നും 255 KL വെള്ളം ശേഖരിച്ച് കരാറുകാരൻ വിതരണം ചെയ്തിരുന്നു. ഇപ്രകാരം വെള്ളം ശേഖരിച്ചതിന് 19418 രൂപ അടവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, പത്തനതിട്ട- യുടെ കാര്യാലയത്തിൽ നിന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു (കത്ത് നമ്പർ- AE/General/2023 തീയതി 03-04-2024). ചെക്ക് നമ്പർ 154895/24-05-2024 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക അടവാക്കുകയും ചെയ്തു.

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും (പ്രോജക്ട് നം.198/24) ടെൻഡർ നടപടികൾ സ്വീകരിച്ച് കുടിവെള്ള വിതരണം ശ്രീ. അജിത്കുമാർ കെ.സി, കല്ലിട്ടതിൽ, വള്ളിക്കോട് എന്നയാളെ ഏൽപ്പിക്കുകയും ചെയ്തു. കുടിവെള്ള വിതരണം നടത്തുന്നതിനുള്ള എല്ലാ ചെലവുകളും ഉൾപ്പടെ കിലോ മീറ്ററിന് 130 രൂപ എന്ന നിരക്കിലാണ് ഗ്രാമപഞ്ചായത്ത് കരാർ നൽകിയത്. ഗ്രാമപഞ്ചായത്തുമായി ഒപ്പുവച്ച കരാർ പ്രകാരം (കരാർ നം. 1/20-04-2023) കുടിവെള്ള വിതരണത്തിന് ആവശ്യമായ വാഹനം, ഇന്ധനം , മറ്റ് ആവശ്യമായ ചെലവുകൾ എല്ലാം തന്നെ കരാറുകാരന്റെ ചുമതലയിലാണ്.

ഇപ്രകാരം കരാർ ചമച്ചതിന് ശേഷം കരാറുകാരൻ വാട്ടർ അതോറിറ്റിയുടെ വെന്റിംഗ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച കുടിവെള്ളത്തിന്റെ ചാർജ്ജ് ഗ്രാമപഞ്ചായത്ത് നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.12/18.06.25) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുടെ വെന്റിംഗ് പോയിന്റിൽ നിന്നുതന്നെ കുടിവെള്ളം ശേഖരിക്കാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതുകൊണ്ടാണ് കരാറുകാൻ അപ്രകാരം ചെയ്തതെന്നും ആയതിനാവശ്യമായ ചെലവ് വാട്ടർ അതോറിറ്റിക്ക് നൽകാൻ ഭരണസമിതിയുടെ 04-05-2024-ലെ 5-ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ എഗ്രിമെന്റിൽ വെന്റിംഗ് പോയിന്റിൽ നിന്നും ശേഖരിക്കുന്ന കുടിവെള്ളത്തിന്റെ തുക ഗ്രാമപഞ്ചായത്ത് നൽകും എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല. കരാർ വ്യവസ്ഥ കൃത്യമായി പാലിക്കുന്നത് സംബന്ധിച്ച് ഭരണസമിതിക്ക് നിയമോപദേശം നൽകേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ചെലവ് തുകയായ 19418 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതും കരാറിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 എം.സി.എഫി-ൽ ഫയർ എസ്റ്റിംഗ്യൂഷർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. പേര് | 299/25 – എം.സി.എഫി-ലേക്ക് ഫയർ എസ്റ്റിംഗ്യൂഷർ സ്ഥാപിക്കൽ |
| വകയിരുത്തിയ തുക, ഫണ്ടിനം | 50150 (വികസന ഫണ്ട്) |
| ചെലവ്തുക, ഫണ്ടിനം | 50150 (വികസന ഫണ്ട്) |
| ബിൽ നമ്പരും തീയതിയും | 192/04-10-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്-ൽ കോന്നി ഫയർഫോഴ്സ് സ്റ്റേഷനിൽനിന്ന് ഫയർ ഓഡിറ്റ് നടത്തുകയും, പരിശോധന നടത്തിയ ഫയർസേഫ്റ്റി ഓഫീസറുടെ നിർദ്ദേശ പ്രകാരം ഫയർ എസ്റ്റിംഗ്യൂഷർ സ്ഥാപിക്കുന്നതിന് ഭരണസമിതിയുടെ 30-03-2024-ലെ 2/1-ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിക്കുകയും ചെയ്തു. ഇത് പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് 5 ഫയർ എസ്റ്റിംഗ്യൂഷർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരം [സ.ഉ.(പി)നം.259/2010/ ത.സ്വ.ഭ.വ തീയതി 08-11-2010] 25000 രൂപ മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് വാങ്ങലിന് ക്വട്ടേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

2) അഞ്ച് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഭാരം | തുക (GSTഇല്ലാതെ) |
|---|---|---|---|
| 1 | PACIFY SAFETY SYSTEMS, ERANAKULAM<br>(Warranty - 1 Year) | 5 Kg | 2665 |
| 2 | SIDCO, KADAVANTRA<br>(Warranty - Not Recorded) | 5 Kg | 9971 |
| 3 | PRECISE SAFETY SOLUTION, KADAVANTRA<br>(Warranty - 3 Year) | 5 Kg | 9877 |
| 4 | Urjam, Kattappana<br>(Warranty - Not Recorded) | 5 Kg | 2301 |
| 5 | NAKSHATRA INFRA TECH, KADAVANTRA<br>(Warranty - Not Recorded) | 5 Kg | 10738 |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23-07-2024-ലെ 2/1 നമ്പർ തീരുമാന പ്രകാരം PRECISE SAFETY SOLUTION, KADAVANTRA എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ക്വട്ടേഷൻ അംഗീകരിക്കാനുള്ള മാനദണ്ഡമായി ഭരണസമിതി പറഞ്ഞിട്ടുള്ളത് വാറന്റി കാലയളവ് കൂടുതലായി കാണിച്ചു എന്നതാണ്. ഇത് പ്രകാരം 5 ഫയർ എസ്റ്റിംഗ്യൂഷർ വാങ്ങിയതിന് 50150 രൂപ (42500+7650–GST) PRECISE SAFETY SOLUTION എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസിൽ (എസ്.സി.3-747/24 തീ.19-04-2024) വാറന്റി കാലയളവ് രേഖപ്പെടുത്തണമെന്ന് വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ അവർ സമർപ്പിച്ച ക്വട്ടേഷനിൽ വാറന്റി കാലയളവ് രേഖപ്പെടുത്തിയില്ല. പിന്നീട് വാറന്റി സംബന്ധമായ വിവരങ്ങൾ അറിയിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് അവസരം നൽകിയതുമില്ല. കൂടിയ വില രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തുകയും ചെയ്തു.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.13/18.06.25) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് പെട്ടെന്നുള്ള വാങ്ങൽ നടത്തിയത് മൂലമാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഫയർ എസ്റ്റിംഗ്യൂഷർ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാൽ ലഭിച്ച ക്വട്ടേഷനുകൾ സ്റ്റേഷൻ ഓഫീസർ, അഗ്നിരക്ഷാ നിലയം, കോന്നി-ക്ക് കൈമാറുകയും അദ്ദേഹത്തിന്റെ ഉപദേശം പരിഗണിച്ച് ഭരണസമിതിയുടെ 23-07-2024-ലെ 2(1) നമ്പർ തീരുമാന പ്രകാരമാണ് PRECISE SAFETY SOLUTION എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്നുള്ള മറുപടി പരിഗണിക്കുന്നു. വാങ്ങിയ ഉപകരണങ്ങൾ എം.സി.എഫി-ൽ സ്ഥാപിച്ചതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഫയർ എസ്റ്റിംഗ്യൂഷർ ഉപയോഗിക്കുന്നതിന് ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയതായും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1) ഗ്രാമപഞ്ചായത്തിലെ വാങ്ങൽ നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള [സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08-11-2010] വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന ക്വട്ടേഷൻ/ടെണ്ടർ പരസ്യങ്ങളിൽ വാങ്ങുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, വാറന്റി കാലയളവ്, ബാധകമായ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## 1-24 ഘടകസ്ഥാപനങ്ങൾക്ക് വാങ്ങിയ വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്തില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 264/25, ഘടകസ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ നൽകൽ |
| അടങ്കൽ | ₹20000 |
| ചെലവ് | ₹14085 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2024-25-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.264/25 പ്രകാരം ഘടകസ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 12 വേസ്റ്റ് ബിന്നുകൾ തൃശൂർ ക്വാളിറ്റോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ വിതരണം ചെയ്തിട്ടില്ല. വേസ്റ്റ് ബിന്നുകൾ ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/19.06.25) ഇവ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭിക്കാതിരുന്നതിനാലാണ് വിതരണം ചെയ്യാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി പർച്ചേസ് നടത്തിയതിനുശേഷം അവ വിതരണം ചെയ്യുന്നതിന് വീണ്ടും കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ടെന്ന വാദം വിചിത്രമാണ്. പദ്ധതി വിഭാവനം ചെയ്ത പ്രകാരം നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ചയുണ്ടായി. വാങ്ങി സൂക്ഷിച്ചിട്ടുള്ള ബിന്നുകൾ ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-25 വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 210/25 – വീട് വാസയോഗ്യമാക്കൽ (SO) |
| അടങ്കൽ | ₹100000 |
| ചെലവ് | 0 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2022-23-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി ശ്രീമതി കമല, പുല്ലുപറമ്പിൽ, മുക്കുഴി എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് വീട് മെയിന്റനൻസിന് 50000 രൂപ അഡ്വാൻസ് നൽകിയിരുന്നു. ഇവരുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി അവശേഷിച്ച സബ്സിഡി അനുവദിക്കുന്നതിന് 2024-25 വർഷം പ്രോജക്ട് നം.210/25 പ്രകാരം 100000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷം ഇവർ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19.06.25) മറുപടിയായി, ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നോട്ടീസ് നൽകിയതായും ഇവർ പുനരുദ്ധാരണം പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഇവർ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ സത്വര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താവ് ഇക്കാര്യത്തിൽ തുടർന്നും വീഴ്ചവരുത്തുന്ന സംഗതിയിൽ മുൻകൂർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 173/25 – പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | ₹680000 |
| ചെലവ് | ₹620000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പ്രോജക്ട് നം.173/25 പ്രകാരം 620000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിട്ടില്ലെന്ന് കണ്ടു.

| ക്രമ നം. | പേരും മേൽവിലാസവും | നൽകിയ തുക |
|---|---|---|
| 1 | ശ്രീമതി സുനിത, പടിഞ്ഞാറേ പുരക്കൽ | 170000 |
| 2 | ശ്രീമതി പ്രിയ, വേലം പറമ്പിൽ | 170000 |

നിർമ്മാണം പൂർത്തിയാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/21.06.25) മറുപടിയായി, ശ്രീമതി സുനിത എന്നയാൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ശ്രീമതി പ്രിയ എന്നയാൾ നിലവിൽ നിർമ്മാണം പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ടിയാളുകൾ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈമാറുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 40000 രൂപ അഡ്വാൻസ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പേരും മേൽവിലാസവും | വിഭാഗം | കരാർ തീയതി |
|---|---|---|---|
| 1 | ശ്രീമതി ശാന്തകുമാരി വി.കെ, വടക്കേമുറിയിൽ | ജനറൽ | 27.02.23 |
| 2 | ശ്രീമതി രതമ്മ, കോമാട്ട് പടിഞ്ഞാറ്റേതിൽ | -ടി- | 21.03.23 |
| 3 | ശ്രീമതി സുഭദ്ര തമ്പുരാട്ടി, ഐക്കരേത്ത് ഇല്ലം | -ടി- | 03.03.23 |
| 4 | ശ്രീമതി ജോളി കെ.ആർ, ചെറുകുന്നത്ത് | -ടി- | 26.12.24 |
| 5 | ശ്രീ ഗണേശൻ, കുമ്പഴ എസ്റ്റേറ്റ് | പട്ടികജാതി | 03.02.23 |
| 6 | ശ്രീമതി ഓമന | -ടി- | 26.12.24 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/19.06.25) മറുപടിയായി ടി വ്യക്തികൾ നിർമ്മാണം ആരംഭിച്ചിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അഡ്വാൻസ് കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-28 കാർഷിക മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമല്ല

കാർഷികമേഖലയിൽ ഗ്രാമപഞ്ചായത്ത് 2024-25-ൽ ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**1. വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല**

കൃഷി ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന താഴെ പറയുന്ന പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 35/25 - ചില്ലി ഗ്രാമം | 90000 | 1761 | 2 |
| 2 | 40/25 – കവുങ്ങ് കൃഷി വികസനം | 48500 | 26812 | 55 |
| 3 | 91/25 – കിഴങ്ങ് വർഗ്ഗക്കൃഷി | 200000 | 33600 | 17 |
| 4 | 37/25 – ഇഞ്ചിക്കൃഷി വികസനം | 93750 | 51000 | 54 |
| 5 | 99/25 – കുറ്റിക്കുരുമുളക് വികസനം | 236750 | 123000 | 52 |
| 6 | 7/25 – വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം | 200000 | 159329 | 79.6 |
| 7 | 5/25 – ചെടിച്ചട്ടിയിൽ പച്ചക്കറിക്കൃഷി | 330000 | 182027 | 55 |

**2. നടപ്പാക്കാത്ത പദ്ധതികൾ**

2024-25 വർഷം കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | 34/25 – കൂൺക്കൃഷി | 40000 |
| 2 | 38/25 – സുഭിക്ഷ കേരളം | 90000 |
| 3 | 42/25 – അങ്കണവാടി/സ്കൂൾ കുട്ടികളിൽ കൃഷി പ്രോത്സാഹനം | 73500 |
| 4 | 290/25 – വനിത ജൈവവള നിർമ്മാണ യൂണിറ്റ് | 500000 |
| 5 | 285/25 – വനിതകൾക്ക് പുഷ്പക്കൃഷി | 200000 |

വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/17.06.25) ഗുണഭോക്തൃവിഹിതം ഒടുക്കേണ്ട പ്രോജക്ടുകളായതിനാൽ അപേക്ഷകർ കുറഞ്ഞതിനാലാണ് ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ കഴിയാതിരുന്നതെന്നും അപേക്ഷകർ ഇല്ലാത്തതിനാൽ ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതി നടപ്പാക്കിയില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രായോഗികമായി നടപ്പിലാക്കാൻ പ്രയാസമുള്ള പദ്ധതികൾക്ക് വേണ്ടി ഫണ്ട് വിന്യസിച്ച് ലാപ്സാക്കുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-29 വാഴക്കൃഷി വികസനം -പദ്ധതിനിർവഹണം സുതാര്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 36/25 - വാഴക്കൃഷി വികസനം |
| അടങ്കൽ | ₹362500 |
| ചെലവ് | ₹277500 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ചെലവിന്റെ വിവരം | 24050252013401193549/18.01.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വാഴക്കൃഷി വികസന പദ്ധതിയിൽ 250 യൂണിറ്റ് വാഴവിത്തുകൾ 100% സബ്സിഡി നിരക്കിലും ജൈവവളം 75% സബ്സിഡി നിരക്കിലും 110 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഒന്നിലധികം യൂണിറ്റുകൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നു അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട 110 ഗുണഭോക്താക്കളിൽ 96 പേർക്ക് മാത്രമാണ് വാഴവിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 14 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല.

2. 110 ഗുണഭോക്താക്കൾക്ക് ജൈവവളം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാഴവിത്തുകൾ ലഭിക്കാത്ത 14 പേർക്ക് ജൈവവളം വിതരണം ചെയ്തിട്ടുണ്ട്. ഇത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

3. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ വാഴക്കൃഷി ചെയ്തിട്ടുള്ളത് ഫീൽഡ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന് കണ്ടു. ഫീൽഡ് പരിശോധന നടത്തി വാഴക്കൃഷി ചെയ്ത സ്ഥലത്തിന്റ വിസ്തൃതി ഉൾപ്പടെ പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്താതെ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/17.06.25) മറുപടിയായി, 50 യൂണിറ്റിനുള്ള വാഴവിത്തുകൾ മോശമായതിനാൽ അവ വിതരണം ചെയ്യാൻ സാധിച്ചില്ലെന്നും, 14 ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് വിത്തുകൾ സമാഹരിച്ച് കൃഷി ചെയ്തതിനാലാണ് അവർക്ക് ജൈവവളത്തിനുള്ള സബ്സിഡി നൽകിയതെന്നും കൃഷി ഓഫീസർ അറിയിച്ചു. എന്നാൽ കൃഷി ഓഫീസറുടെ വാദത്തെ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഫീൽഡ് പരിശോധന നടത്തി ഇവർ വാഴക്കൃഷി ചെയ്തതിട്ടുള്ളതായി കൃഷിഓഫീസർ അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തിരുന്നില്ല.

കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം സുഗമവും സുതാര്യതയുമുള്ളതാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-30 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 25 അങ്കണവാടികളുണ്ട്. ഇവയിൽ 14 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. ഏഴ് അങ്കണവാടികൾ വാടകക്കെട്ടിടങ്ങളിലും നാലെണ്ണം വാടകരഹിതവുമായാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളും വൈദ്യുതീകരിക്കപ്പെട്ടവയും ഗ്യാസ് കണക്ഷനുള്ളവയും ടോയ്ലറ്റ് സൗകര്യം ഉള്ളവയുമാണ്; എന്നാൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ളവ നാലെണ്ണം മാത്രമേയുള്ളൂ. എല്ലാ അങ്കണവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെങ്കിലും ആറെണ്ണത്തിന് മാത്രമേ ചുറ്റുമതിലുള്ളൂ. അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം ഒൻപതാണ്.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ.)നം.84/22/ത.സ്വ.ഭ.വ, തീയതി 19.04.2022] ഖണ്ഡിക നം.8.8.2 (1&2)-ൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും വനിതാ ശിശു വികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പു പദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശു വികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6 (എ8)-ലും പറഞ്ഞിട്ടുണ്ട്. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

2024-25 വാർഷിക കണക്കുകൾ പ്രകാരം 31.03.2025-ൽ 21,24,725 രൂപ ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിബാക്കി ഉണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19.06.2025), അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തുക വിനിയോഗിക്കുന്നതാണെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കി.

## 1-31 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ വീഴ്ച

2024-25 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് വിനിയോഗിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | 122/25 – വനിതകൾക്ക് കരാട്ടെ പരിശീലനം | 50000 |
| 2 | 31/25 – വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ | 495900 |
| 3 | 334/25 – വയോജനങ്ങൾക്ക് വിനോദയാത്ര | 100000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/19.06.2025) "വനിതകൾക്ക് കരാട്ടെ പരിശീലനം" എന്ന പദ്ധതിക്ക് രണ്ട് ഗുണഭോക്താക്കൾ മാത്രമേ അപേക്ഷ നൽകിയിരുന്നുള്ളൂവെന്നും, "വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ" എന്ന പദ്ധതിക്ക് വേണ്ടിയുള്ള കട്ടിലുകൾ കരാറുകാരൻ സമയബന്ധിതമായി നൽകിയിരുന്നില്ലെന്നും, "വയോജനങ്ങൾക്ക് വിനോദയാത്ര" എന്ന പദ്ധതി 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ നടപ്പിലാക്കിയതിനാൽ ബിൽ മാറി നൽകാൻ കഴിഞ്ഞില്ലെന്നും 2025-26 ലെ സ്പിൽ ഓവറിൽ ഉൾപ്പെടുത്തി ബിൽ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ഭാവിയിൽ പദ്ധതികളുടെ ആവശ്യകതയും പ്രായോഗികതയും വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതും സമയബന്ധതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് പദ്ധതിക്ക് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമായില്ല

2024-25-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന "ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്" എന്ന പ്രോജക്ടിന് (പ്രോ.നം.25/25) ആകെ വകയിരുത്തിയ തുകയുടെ 45% മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ആകെ പദ്ധതി അടങ്കൽ 12 ലക്ഷം രൂപയായിരുന്നു. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 450000 രൂപയും, പഞ്ചായത്ത് വിഹിതം 550000 രൂപയുമായിരുന്നു. എന്നാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭിച്ചില്ല. പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നും വകയിരുത്തിയിരുന്ന തുകയിൽനിന്നും 540550 രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **പ്രോജക്ടിന്റെ പേരും നമ്പറും** | ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (നം. 25/25) | |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| **അടങ്കൽ** | വികസന ഫണ്ട് (ജനറൽ) | 550000 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 |

| | | |
|---|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം | 450000 |
| | **ആകെ** | **1200000** |
| **ചെലവ്** | ₹540550 | |

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ മതിയായ തുക മാറ്റി വയ്ക്കേണ്ടതാണെന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS/ CDPO മുഖേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതാണെന്നും വനിതാ ശിശു വികസന വകുപ്പിന്റെ 22/10/2021-ലെ സർക്കുലറിൽ (നം.DWCD/20038/2021-D2) നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഭാഗത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും അർഹമായ പരമാവധി സ്കോളർഷിപ്പ് അതാത് പഞ്ചായത്തിൽനിന്ന് ലഭിക്കാൻ അർഹതയുണ്ട്. മലയാലപ്പുഴ പഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 28 കുട്ടികളുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാകാത്തതിനാൽ, ഇവർക്ക് അർഹമായ മുഴുവൻ തുകയും നൽകാൻ സാധിച്ചിട്ടില്ല. ആയത് ലഭിക്കുന്നു എന്ന് ICDS സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. ഭിന്നശേഷിക്കാർക്ക് അർഹമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-33 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാമപ്പഞ്ചായത്തിനു നൽകിയ ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ 1.03 കോടി രൂപയാണ് ഇപ്രകാരം ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതെന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 31-03-2025-ൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Rural Housing - Housing For All | 2174709 |
| 2 | Library Grant | 10440 |
| 3 | Integrated Child Development Scheme | 2124725 |
| 4 | Grant From Suchitwa Mission | 465309 |
| 5 | Health Grant | 5061660 |
| 6 | Grant For Specific Purpose - Other Goverment Agencies | 19485 |
| 7 | Grant For Specific Purpose - Capital – Buds School | 133995 |
| 8 | Grant For Transferd Institutions – Ayurveda | 72230 |
| | **Total** | **10318955** |

ലൈഫ് ഭവന നിർമ്മാണ പദ്ധതി, ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളത്. ലൈഫ് ഭവനപദ്ധതി, ഹെൽത്ത് ഗ്രാന്റ്, ഐ.സി.ഡി.എസ് എന്നീ ഇനങ്ങളിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനായി 2025-26 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും തുക ചെലവഴിക്കുമെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (26/19-06-2025) മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്. ലൈബ്രറി ഗ്രാന്റിനത്തിൽ ലഭിച്ച 10440 രൂപ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ ചെലവ് കൃത്യമായി രേഖപ്പെടുത്താത്ത സാഹചര്യത്തിലാണ് ബാലൻസ് ഷീറ്റിൽ തുക അവശേഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 25 അംഗനവാടികളിൽ 14 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അങ്കണവാടി പോഷകാഹാര വിതരണത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന

2124725 രൂപ വിനിയോഗിച്ച് അങ്കണവാടി കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി വിനിയോഗിക്കാവുന്നതാണ്. മേൽ പറഞ്ഞ ഗ്രാന്റ് തുകകൾ യഥാവിധി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകി; മരുന്ന് ലഭിച്ചില്ല

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് സപ്ലൈ ചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 12.32 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | സ്ഥാപനം | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 47/25 – പാലിയേറ്റീവ് കെയർ പദ്ധതി | KMSCL | 294160 | 24050252013600332380/27.06.24 |
| 47/25 – പാലിയേറ്റീവ് കെയർ പദ്ധതി | Do | 17474 | 24050252013600579030/24.08.24 |
| 184/25 – പാലിയേറ്റീവ് കെയർ പദ്ധതി | Do | 198020 | 24050252013601223061/24.01.25 |
| 184/25 – പാലിയേറ്റീവ് കെയർ പദ്ധതി | Do | 44320 | 24050252013601223062/24.01.25 |
| 184/25 - പാലിയേറ്റീവ് കെയർ പദ്ധതി | Do | 178618 | 24050252013601274055/04.02.25 |
| 49/25 - പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ | Do | 500000 | 24050252013601223063/24.01.25 |
| ആകെ | | 1232592 | |

മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/20.06.25) മരുന്നുകൾ ലഭിച്ചിട്ടില്ലെന്ന് മറുപടിയാണ് ലഭിച്ചത്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 2024-25 സാമ്പത്തിക വർഷം ഭരണസമിതിയുടെ 40 യോഗങ്ങളുടെ മിനിട്ട്സ് സകർമ്മയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അതിൽ ഒരു യോഗ മിനിട്ട്സ് മാത്രമാണ് മൂന്നുദിവസത്തിനകം പ്രസിഡന്റിന്റെ അംഗീകാരം നേടിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1. | 22.4.24 | 11.9.24 | 11.9.24 |
| 2. | 4.5.24 | 2.11.24 | 2.11.24 |
| 3. | 23.12.24 | 31.1.24 | 31.1.25 |
| 4. | 31.12.24 | 31.1.24 | 31.1.25 |
| 5. | 9.1.25 | 31.1.24 | 31.1.25 |

| | | | |
|---|---|---|---|
| 6. | 19.3.25 | 19.4.24 | 24.4.25 |
| 7. | 20.3.25 | 5.4.25 | 11.4.25 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/16.6.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മിനിട്സ് സമയക്രമം പാലിച്ച് പൂർത്തീകരിക്കേണ്ടതാണ്.

## 1-36 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2132/2022/തസ്വഭവ., തീ. 31.08.22 പ്രകാരവും, 2022-23-ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ)നം.2156/2022/തസ്വഭവ., തീ.01.09.22, സ.ഉ.(സാധാ)നം.1625/2023/തസ്വഭവ., തീ.09.08.23 എന്നീ ഉത്തരവുകൾ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ., തീ 23.05.23 പ്രകാരം അവാർഡ് കാലയളവിൽ ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ വിനിയോഗത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. സ്കീം 1, 3, 4 എന്നിവ ഗ്രാമപഞ്ചായത്തുകൾക്കും സ്കീം 2 ബ്ലോക്ക് പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. വിവിധ സ്കീമുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

അവാർഡ് കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

I) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, തുക)

| വർഷം | സ്കീം - 1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2022-23 | 0 | 236447 | 110000 | 346447 |
| 2023-24 | 0 | 740000 | 321000 | 1061000 |
| 2024-25 | 5550000 | 309000 | 511000 | 6370000 |
| ആകെ | 5550000 | 1285447 | 942000 | 7777447 |

II) ആരോഗ്യമേഖലാ ഗ്രാന്റ് വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആകെ വരവ് | 2022-23 ചെലവ് | 2023-24 ചെലവ് | 2024-25 ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|
| ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിൽ ആരോഗ്യ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) | 1285447 | 233873 | 0 | 19048 | 252921 |
| ആരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4) | 942000 | 32624 | 200457 | 19380 | 252461 |
| കാഞ്ഞിരപ്പാറ കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണം (സ്കീം 1) | 2775000 | 0 | 0 | 2158170 | 2158170 |

| | | | | | |
|---|---|---|---|---|---|
| പുതുക്കുളം കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണം (സ്കീം 1) | 2775000 | 0 | 0 | 349331 | 349331 |
| ആകെ | 7777447 | 266497 | 200457 | 2545929 | 3012883 |

ആകെ ലഭിച്ച ഗ്രാന്റിന്റെ 38.7% മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്.

**ആരോഗ്യഗ്രാന്റ് നീക്കിയിരിപ്പ് വിവരങ്ങൾ**

ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (പലിശയുൾപ്പെടെ).

| സ്കീം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിലും ആരോഗ്യ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 755655 | 334730 | 1090385 | 19048 | 1071337 |
| ആരോഗ്യകേന്ദ്രത്തിലുംഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 204245 | 519062 | 723307 | 19380 | 703927 |
| സബ്സെന്റർ നിർമ്മാണം | 5611000 | 182897 | 5793897 | 2507501 | 3286396 |

മൂന്ന് സബ്സെന്ററുകളുള്ള മലയാലപ്പുഴ പി.എച്ച്.സി-യ്ക്ക് രണ്ട് സബ്സെന്ററുകളിൽ കെട്ടിടം പണിയുന്നതിന് സ്കീം 1-ൽ ഉൾപ്പെടുത്തി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കാഞ്ഞിരംപാറ, പുതുക്കുളം എന്നീ സബ്സെന്ററുകളുടെ നിർമ്മാണം നടന്നുവരികയാണ്. നിലവിൽ 3286396 രൂപ ഈയിനത്തിൽ അവശേഷിക്കുന്നു.

സ്കീം 3-ൽ 1071337 രൂപ അവശേഷിക്കുന്നു. ലാബ്സൗകര്യം ലഭ്യമല്ലാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ലാബ് നിർമ്മാണം പൂർത്തിയാക്കി 2025-26 വർഷം തുക ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്കീം 4 പ്രകാരം നിലവിൽ 703927 രൂപ അവശേഷിക്കുന്നു. സ്കീം 4 പ്രകാരം ആരോഗ്യ സ്ഥാപനത്തിനും, ഉപകേന്ദ്രത്തിനും ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പാക്കിയിട്ടില്ല. ആതുര സേവനരംഗത്ത് ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കാത്തപക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം 2024-ഓടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജൽ ജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.
- ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

.ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.

.വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായി M/S.Certifcation Engineers International Limited എന്ന സ്ഥാപനവും തമ്മിലുള്ള ത്രികക്ഷി കരാർ എഗ്രിമെന്റ് നം.04/2020-21 EF/PH/PTA തീയതി 27-03-2021 പ്രകാരം ഒപ്പുവച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| Sl. No. | Heading Description | Amount In Rs |
|---|---|---|
| 1 | Providing Functional House Hold Tap Connections | 37285444.14 |
| 2 | Road Restoration Charges | 37259564.03 |
| 3 | Working Charges | 96097750.14 |
| 4 | Providing Geo Tagging Survey | 59580.00 |
| 5 | Cost Of Materials | 138844369.15 |
| 6 | Survey, Design And Drawings | 2206850.00 |
| | Total | 311753557.46 |
| | Provision Of GST Payment @ 12% | 37410426.89 |
| | Grand Total (Rounded) | 349200000.00 |
| | Apportioned Cost Of Production Component | 128000000.00 |
| | Total | 477200000.00 |

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 71580000 രൂപയാണെങ്കിലും തുകയൊന്നും നിലവിൽ നൽകിയിട്ടില്ല. വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി 5033001 രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് പ്രവൃത്തികൾ ടെണ്ടർ ചെയ്യാത്ത സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം തിരികെ ലഭിച്ചിരുന്നു. തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത തുക ജൽ ജീവൻ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം 2839 ആണ്. ഇതിൽ നിലവിൽ 275 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയതായാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-5/ ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 21440 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. വാട്ടർ ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ 15 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളെല്ലാം തന്നെ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റ 10-08-2020-ലെ സ.ഉ (സാധാ) 4584/2020/ധനം പ്രകാരം ജൽ ജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾ എം.എൽ.എ-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും

ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു സമഗ്ര ഇടപെടൽ ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 21 | 76000.00 | 76000.00 | ഇല്ല | - |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഉൾപ്പെടെ) | | | |
| ഇല്ല | | | | |

**4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 71432 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (202/25) | 71432 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 375003 | പാലിയേറ്റീവ് കെയർ (47/25) | 375003 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 399997 | പാലിയേറ്റീവ് കെയർ- സ്പിൽ ഓവർ (184/25) | 399997 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 109958 | അങ്കണവാടി അനുപൂരക പോഷകാഹാരം - സ്പിൽ ഓവർ (178/25) | 109958 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 312664 | അങ്കണവാടി അനുപൂരക പോഷകാഹാരം (26/25) | 312664 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 53573 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (202/25) | 53573 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 348000 | ലൈഫ് ഭവനപദ്ധതി (179/25) | 348000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 185027 | അങ്കണവാടി അനുപൂരക പോഷകാഹാരം - സ്പിൽ ഓവർ (178/25) | 185027 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 122015 | അങ്കണവാടി അനുപൂരക പോഷകാഹാരം (26/25) | 122015 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 194981 | വിവിധ അങ്കണവാടി മെയിന്റനൻസ് (167/25) | 194981 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 35139 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (104/25) | 35139 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 347740 | ബഡ്സ് സ്കൂൾ (24/25) | 347740 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 17/25 – സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 599362 | 0 | 599362 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 717767 | 6935026 | 701104 | -- | 6951689 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1220225 |
| പലിശ | 72494 |
| ആകെ | 1292719 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1292719 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപം പുതുക്കിയ തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മലയാലപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.ക്യു.378 – എഫ്.ഡി. 1/341/2009-10 | 12-07-2024 | 1 വർഷം | 951209 |
| 2 | മലയാലപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.ക്യു.378 – എഫ്.ഡി. 1/187/2023-24 | 15.03.2024 | 1 വർഷം | 341510 |
| | ആകെ | | | 1292719 |

രണ്ടാമത്തെ സ്ഥിരനിക്ഷേപം 15-03-2025-ൽ പുതുക്കേണ്ടതായിരുന്നെങ്കിലും പുതുക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് രണ്ട് സ്ഥിരനിക്ഷേപങ്ങളും പലിശ ഉൾപ്പെടുത്തി 18-06-2025-ൽ പുതുക്കിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5 | 2002-03 | 7-3-2 | അദ്ധ്യാപകരുടെ താത്ക്കാലിക നിയമനം - യഥാസമയം പിരിച്ചുവിടാത്തതിലുണ്ടായ നഷ്ടം | കോടതിയുടെ ഇടപെടൽ മൂലമാണ് ജോലിയിൽ തുടർന്ന രണ്ട് അധ്യാപകർക്ക് അവധിക്കാല വേതനം നൽകേണ്ടിവന്നതെന്ന സാഹചര്യം കണക്കിലെടുത്ത് വെക്കേഷൻ സാലറി നൽകുക വഴി പഞ്ചായത്തിന് ഉണ്ടായ യഥാർത്ഥ നഷ്ടത്തെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഇല്ലാത്തതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു |
| 2014-15 | 2-1 | 2016-17 | -- | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ 2014-15 | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | -- | അംഗീകൃത കരാറുകാരുടെ നികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2021-22 | 1-16 | 2022-23 | അദ്ധ്യായം 1 (1-3) | റ്റേക്ക്-എ-ബ്രേക്ക് പദ്ധതി | നിലവിൽ കെട്ടിടം പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77833219 | 135838521 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44371179 | 125559827 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19418 | |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 19418 | ശ്രീമതി ആർ. ശ്രീല, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ. ശ്രീല, സെക്രട്ടറി | സെക്രട്ടറി തുമ്പമൺ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ വീട്, കൊല്ലകടവ് പി.ഒ., ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| **ഓഡിറ്റ് റിപ്പോർട്ട് വർഷം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2007-08 | നം. എൽ.എഫ്.പി.റ്റിഎ.പി.10/211/11 തീ. 07.10.10/04.02.13 | 2 (3-7, 3-8) |
| 2012-13 &2013-14 | നം. എൽ.എഫ്.പി.റ്റി.എ.പി9-893/14 തീ. 07.11.14/18.11.14 | 3 (1-7, 3-4, 3-6) |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി12-535/16, തീ. 10.5.16 | 4 (2-2, 3-6, 3-7, 3-8) |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ.പി12-1188/16, തീ. 17.11.16 | 2 (3-2, 3-5) |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ.പി11-810/17, തീ. 15.07.17 | 11 (2-1, 2-2, 2-3,2-4,2-5, 2-6, 2-7, 3-2, 3-7, 3-8, 3-9) |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ.പി13-1468/18, തീ. 29.10.18 | 3 (3-3, 3-9, 4-2) |
| 2018-19 | നം. കെ.എസ്.എ.പി.റ്റി.എ.പി13-1003/19, തീ. 19.12.19 | 9 (1-16, 1-17 A, 1-18, 1-20, 1-21, 1-23, 1-26, 4-2, 4-3) |
| 2019-20 | നം. കെ.എസ്.എ.പി.റ്റി.എ.പി9-493/21, തീ. 27.08.21 | 4 (1-11, 1-12, 1-16, 1-22) |
| 2020-21 | നം. കെ.എസ്.എ.പി.റ്റി.എ.പി9-494/21, തീ. 27.08.21 | 1-12(1), 1-16, 1-21, (1&2). 1-23, 1-27, 1-28 |
| 2021-22 | നം. കെ.എസ്.എ.പി.റ്റി.എ.പി9-1312/22, തീ. 06.01.23 | 20 (1-2, 1-11, 1-12A,B, 1-13, 1-14,<br>1-15, 1-16, 1-17, 1-18, 1-19, 1-20,<br>1-21, 1-22, 1-23, 1-24, 1-25, 1-26, |

| | | |
|---|---|---|
| | | 1-27, 1-29, 4-9) |
| 2022-23 | നം. കെ.എസ്.എ.പി.റ്റി.എ.പി9-998/2023, തീ. 25.10.2023 | 21 (1-1-3, 1-1-4, 1-1-6, 1-1-8, 1-12,<br>1-13, 1-15, 1-16, 1-17, 1-19, 1-21,<br>1-22, 1-24, 1-25, 1-30, 1-32, 1-33, 1-35, 1-36, 1-38, 1-41) |
| 2023-24 | നം. കെ.എസ്.എ.പിറ്റിഎ.പി9-916/2024, തീ.04.10.2024 | 14 (1-11, 1-12, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-22, 1-31, 1-32, 4-2, 4-7, 4-10) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 15-05-2025 and submitted on 24-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the MALAYALAPPUZHA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of MALAYALAPPUZHA Grama Panchayat as on 31-03-2025

**Date: 28/07/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

**Audit Report appended to the Audit Certificate of MALAYALAPPUZHA Grama Panchayat for the Year 2024-2025 .**

**1.Major Observations**

1) Asset register is not comprehensive. The value of assets included in the Balance Sheet does not match with the asset register.

**2.Other Observations**

1) The statement of basic ratios as prescribed in Rule 62 of the Kerala Panchayat Raj Accounting Rules 2011, has not been included with the annual accounts.

2) The total cash flow for the year in the cash flow statement does not match the amount shown as the difference between the balance and the reserve in the statement.

3) In Schdule B-11 (b) : A balance of Rs. 2507501 has been recorded as a ledger balance. The documents required to verify the accuracy of this were not submitted for inspection.

4) Demand entries of tax and non tax revenues are are not recorded in a time-bound manner.

5) The annual summary under property tax in sanchaya software does not match with the corresponding figures in Annual Financial Statement.

6) The deposit register has not been kept with an annual summary written and certified by the Secretary.

7) No vouchers or worksheets were made available for audit for the amounts under the heads Prior Period Expenditure & Prior Period Income. Therefore, it was not possible to ensure the accuracy of the entries in the ledger.

8) The amounts in the annual accounts for revenues such as License Fees, Profession Tax and Rent do not match the amounts summarized in the respective registers.

9) In Schdule B-7 : Lapsed deposits have not been forfeited and transferred to the revenue heads concerned.

10) As per Schedule B-18 in Annual Financial Statement a large amount of advance payments to agencies like KSEB and KWA remain to be adjusted.

11) The amount shown under Investments in Schedule B-12 of the Annual Financial Statement (Rs. 1282173) and the actual balance under Investments as on 31-03-2025
(Rs.1292719) do not match.

12) The amount of Rs. 256,402 shown as a liability in Schedule B-4 under the Beneficiary Contribution item is an amount that remained unadjusted from the previous year.

13) Although assets were created using grants during the year, the expenditure amounts were not included in the capital contribution.

14) Amount included as liability should be adjusted. The details are as follows.

| Account Head | Item | Amount |
|---|---|---|
| 350300104 | Goverment and other Dues payable-service tax | 99460 |
| 350300101 | Goverment and other Dues payable-LIBRARY CESS | 159894 |

15) The closing balance of the CFC Grant shown in the Annual Financial Statement and the actual balance as per the bank account are different.

16) As per Schedule B-4, Rs. 10440 has been incorrectly shown as a liability under the Library Grant head.

17) An amount has been incorrectly accounted for in the Terminal Leave Encashment Head.

18) A balance of Rs. 92764 is shown in the treasury account named Traditional Functions Fund. However, the details of the said account are not available.

19) The Gram Panchayat had received Rs. 100,001 from the Treasury under the Finance Commission Tide Grant (Unspent Balance). However, the said income and the expenditure of Rs. 87,796 under this item were not included in the annual accounts.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്